# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 31.10.2014

(06 MUHARRAM 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനു ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറ: അൽഫാത്തിഹ ഓതിയശേഷം പറഞ്ഞു.

അൽഹംദുലില്ലാഹ്, സുമ്മ അൽഹംദുലില്ലാഹ് ! അല്ലാഹു (ത) നമ്മുടെ മതത്തിൽ ചില ദിവസങ്ങളെയും ചില സമയങ്ങളെയും പ്രത്യേകം പ്രാധാന്യമുള്ളതായും പരിശുദ്ധമായതായും തെരഞ്ഞെടുത്തിട്ടുണ്ട്. നിങ്ങളിൽ അധികം പേർക്കും അറിവുള്ളതായിരിക്കും. പരിശുദ്ധമായ മുഹർറം മാസത്തെ സംബന്ധിച്ച് (ഇസ്‌ലാമിക വർഷാരാംഭമാസമാണ് മുഹർറം) മുസ്‌ലീം റിപ്പോർട്ട് ചെയ്ത ഒരു ഹദീസിൽ റസൂൽ (സ) പറഞ്ഞിരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. **"മുഹർറം മാസം അല്ലാഹുവിന്റെ മാസമാകുന്നു."** എന്ന്. 2014 ഒക്ടോബർ 26-ാം തീയതി ഞായറാഴ്ച മുഹർറ മാസാരംഭമാകുന്നു. അങ്ങനെ നാം ഹിജ്റ വർഷം 1436 ൽ പ്രവേശിച്ചിരിക്കുകയാണ്. ഈ മാസത്തിലാണ് ഇമാം ഹുസൈൻ (റ) വിനെയും അദ്ദേഹത്തിന്റെ അനുചരന്മാരെയും യസീദിന്റെയും അയാളുടെ പട്ടാളക്കാരുടെയും കരങ്ങളാൽ രക്തസാക്ഷികളാക്കി തീർത്തത്. അതായത് മുഹർറം 10 ന്. അങ്ങനെ മുഹർറം 10 ഹിജ്റ വർഷം 61 ഹൃദയങ്ങൾ കലുഷിതമായ ദിനമായിരുന്നു. ഒരു വിഭാഗം ഇസ്‌ലാമിന്റെ പവിത്രതയ്ക്കുവേണ്ടി നിലകൊണ്ടപ്പോൾ, മറ്റൊരു വിഭാഗം ഇസ്‌ലാമിന്റെ വിശുദ്ധതയ്ക്കെതിരിൽ നിലകൊണ്ടു. ഇസ്‌ലാമിക വൃക്ഷത്തിന്റെ ഹൃദയത്തെ അവർ കുത്തികീറി ; അതിന്റെ അനുപമ സൗന്ദര്യമുള്ള ഫലങ്ങളെ അവർ പിച്ചിചീന്തി, അവർ കഴിയും വിധം എല്ലാ നിലയിലും അല്ലാഹുവിന്റെ പ്രകാശത്തെ കെടുത്തിക്കളയുവാൻ ശ്രമിച്ചു. എന്നാൽ അല്ലാഹു തന്റെ പ്രകാശത്തെ എല്ലാ നിലയിലും പ്രകാശിപ്പിക്കുവാനും തീരുമാനിച്ചു.

ഈ കുറിപ്പോടെ, ഈ വിഷയം നിറുത്തിയിട്ട്, ഹൃദയം എന്ന വിഷയത്തിന്റെ 6-ാം ഭാഗത്തിലേക്ക് പ്രവേശിക്കുകയാണ്. നമ്മുടെ ഹൃദയം, വൃത്തിയായി, വെളുത്തതായി, പരിശുദ്ധമായി സൂക്ഷിക്കേണ്ടത് എത്രമാത്രം പ്രാധാന്യമർഹിക്കുന്ന കാര്യമാണ് എന്ന് നിങ്ങൾ ചിന്തിക്കുന്നുണ്ടോ ? പശ്ചാത്താപത്തിന്റെ ആധിക്യത്തിലൂടെയാണ് ആ പരിശുദ്ധതയാണ് നാം ആർജ്ജിക്കേണ്ടത്. അങ്ങനെയായാൽ നമ്മുടെ ഹൃദയത്തിൽ വെറുപ്പിന്റെ ഒരു പുള്ളിയും അവശേഷിക്കുകയില്ല. അപ്പോൾ മറ്റൊരു യസീദ് പകൽ വെളിച്ചം കാണില്ല. നമ്മുടെ ലക്ഷ്യമായി അത്തരത്തിലുള്ള പരിശുദ്ധയാണ് നമ്മുടെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കേണ്ടത്. **"എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്"** എന്നത് യഥാർത്ഥ സത്യവിശ്വാസികളുടെ ലക്ഷ്യമായിരിക്കും. അപ്പോൾ അവിടെ കാപട്യത്തിനിടമില്ല ; നമ്മുടെ ഹൃദയത്തിൽ പ്രകടനാത്മകത ഉണ്ടായിരിക്കില്ല. നിങ്ങൾക്ക് പതിനായിരക്കണക്കിന് ചൂണ്ടു പലകകൾ നിർമ്മിക്കാം ; സ്റ്റിക്കേഴ്സ് നിർമ്മിക്കാം, ടീ ഷർട്ടുകൾ പ്രിന്റ് ചെയ്യാം **"എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്"** എന്ന് എഴുതിവയ്ക്കാം. പക്ഷെ ഇത് വെറുതെ പുറത്തു കാണിക്കുവാനുള്ള വെറും എഴുത്തുകൾ മാത്രമാണ്. പുറമേ കാണിക്കുന്നതിന് മാത്രമാണ് നിങ്ങൾ പ്രാധാന്യം നൽകുന്നത്. നിങ്ങളുടെ ചൂണ്ടു പലകകളെ മനോഹരമാക്കുവാനും, നിങ്ങളുടെ ടീ ഷർട്ടുകളും, സ്റ്റിക്കേഴ്സും അലങ്കരിക്കുവാനുമാണ് ഇത് ഉപയോഗിക്കുന്നത്. ഇത് പുറമെ പ്രകടിപ്പിക്കുമ്പോൾ നിങ്ങളുടെ ഹൃദയങ്ങളിൽ ശത്രുതയുടെ കൂമ്പാരം അടിഞ്ഞുകൂടിയിരിക്കുകയാണ്. നിങ്ങളുടെ മുസ്‌ലീം സഹോദരീസഹോദരന്മാർക്കെതിരിൽ നിങ്ങൾ നിസ്സഹകരണം ഏർപ്പെടുത്തുകയാണ്. ആയതിനാൽ ഇത് തികച്ചും കപടതയാണ്; രോഗബാധിതമായ ഹൃദയത്തിന്റെ പ്രകടനം മാത്രമാണിത്.

നിശ്ചയം ; ഹൃദയങ്ങളും രോഗബാധിതമാകുന്നതാണ് ! നമ്മുടെ ശരീരം രോഗ ബാധിതമാകുന്നതുപോലെ ; കണ്ണുകളിൽ വക്രത ഉണ്ടാകുന്നതുപോലെ ഹൃദയത്തിലും വക്രതയുണ്ടാകുന്നു. വിശുദ്ധ ഖുർ ആനിലെ താഴെപ്പറയുന്ന വചനത്തിലൂടെ അല്ലാഹു (ത) ഹൃദയ രോഗങ്ങളെ സംബന്ധിച്ച് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**" ഞങ്ങളുടെ നാഥാ നീ ഞങ്ങളെ നേർവഴിയിലാക്കിയതിനു ശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെയടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ ! നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ (അനുഗ്രഹ) ദാതാവ്"** (3:9)

കാഫിരീങ്ങളെ (അവിശ്വാസികൾ) സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു.

**"അങ്ങനെ അവർ വക്രത കൈക്കൊണ്ടപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ വക്രമാക്കി കളഞ്ഞു. ധിക്കാരികളായ ജനതയെ അല്ലാഹു നേർമാർഗ്ഗത്തിൽ നയിക്കുകയില്ല"** (61:6)

കപട വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു.

അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് (അവരുടെ) രോഗം വർദ്ധിപ്പിച്ചു. അവർ കളളം പറഞ്ഞുകൊണ്ടിരുന്ന കാരണത്താൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്.

അഹ്സാബ് യുദ്ധ വേളയിൽ അല്ലാഹു (ത) പറഞ്ഞു.

**"ഇക്കൂട്ടരെ (മുസ്ലീംകളെ) അവരുടെ മതം വഞ്ചിതാക്കിയിരിക്കുന്നുവെന്ന് കപട വിശ്വാസികളും ഹൃദയങ്ങളിൽ രോഗമുളളവരും പറയുകയായിരുന്നു സന്ദർഭവും (സ്മരിക്കുക)".** (8:50)

കപട വിശ്വാസികളെ സംബന്ധിച്ച് അല്ലാഹു (ത) പറയുന്നു.

**"(ഖുർ ആനിലെ) ഒരു അധ്യായം ഇറക്കപ്പെട്ടാൽ ഇത് നിങ്ങളിൽ ആർക്കാണ് ഈമാൻ വർദ്ധിപ്പിച്ചിട്ടുളളത് ? എന്നു ചോദിക്കുന്ന ചിലർ അവരിലുണ്ട്. എന്നാൽ വിശ്വസിച്ചവരാകട്ടെ, അത് അവർക്ക് ഈമാൻ വർധിപ്പിച്ചിരിക്കുന്നു. അവർ (അതിൽ) സന്തുഷ്ടരാവുകയും ചെയ്യുന്നു. എന്നാൽ തങ്ങളുടെ ഹൃദയങ്ങളിൽ രോഗമുളളവരാകട്ടെ (കപട വിശ്വാസികൾ) അവർക്ക് അത് മാലിന്യത്തിനുമേൽ മാലിന്യം വർധിപ്പിച്ചിരിക്കുന്നു. അവർ സത്യനിഷേധികളായി മരണമടയുകയും ചെയ്യുന്നതാണ്. "** (9:124 – 125)

കപടതയും സംശയവും ഹൃദയ രോഗങ്ങളാണ്. സംശയത്തെ ഇസ്ലാം നോക്കികാണുന്നത് രോഗമായിട്ടാണ്. ഹൃദയത്തിൽ അത് ഉപദ്രവവും അനൈക്യവും സൃഷ്ടിക്കുന്നു. അതുകൊണ്ട് അതിന് ചികിത്സ ആവശ്യമാണ്. ശരീരത്തിലെ രോഗങ്ങൾക്ക് ചികിത്സ ആവശ്യമുളളതുപോലെ, ഹൃദയരോഗങ്ങൾക്കും ചികിത്സ ആവശ്യമാണ്. അല്ലാഹു (ത) യുടെയും അവന്റെ റസൂൽ (സ) യുടെയും നിയമങ്ങൾക്ക് കീഴ്പ്പെടാത്ത മനുഷ്യനിൽ കപടതയുടെയും ഹൃദയ രോഗത്തിന്റെയും അടയാളങ്ങൾ പ്രത്യക്ഷീഭവിക്കുന്നു. അല്ലാഹു (ത) മുനാഫീഖീങ്ങളെ സംബന്ധിച്ച് പറയുന്നു.

**"അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും, അദ്ദേഹം അവർക്കിടയിൽ തീരുമാനം ഉണ്ടാക്കുന്നതിനായി അവർ വിളിക്കപ്പെട്ടാൽ, അപ്പോഴതാ അവരിൽ നിന്ന് ഒരു വിഭാഗം പിന്തിരിഞ്ഞു പോയിക്കളയുന്നു. അവർക്കവകാശമുണ്ടെങ്കിൽ അവർ അദ്ദേഹത്തിന്റെ അടുക്കലേക്ക് അനുസരണം പുലർത്തിക്കൊണ്ട്, ഉടനെ വരുന്നതാണ്. എന്ത് ? അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ ? അതോ അവർ സംശയിച്ചുവോ ? അല്ലെങ്കിൽ അല്ലാഹുവും അവന്റെ ദൂതനും അവരോട് വല്ല അനീതിയും കാണിക്കുമെന്ന് അവർ ഭയപ്പെടുന്നുണ്ടോ ? അതൊന്നുമല്ല. വാസ്തവത്തിൽ അവർ തന്നെയാണ് അധർമ്മികൾ. വിശ്വാസികൾക്കിടയിൽ തീരുമാനം കൽപ്പിക്കുവാനായി അല്ലാഹുവിലേക്കും അവന്റെ ദൂതനിലേക്കും അവർ വിളിക്കപ്പെട്ടാൽ, ഞങ്ങൾ കേൾക്കുകയും, അനുസരിക്കുകയും ചെയ്തു എന്ന് പറയുകമാത്രമായിരിക്കും അവരുടെ മറുപടി അവർ തന്നെയാണ് വിജയികൾ. "** (24:49 – 52)

അപരിചിതരായ പുരുഷന്മാരോട് മൃദുലമധുര വാക്കുകളാൽ സംസാരിക്കുന്നതിൽ നിന്നും സ്ത്രീകളെ അല്ലാഹു (ത) വിലക്കിയിരിക്കുന്നു. അതിലൂടെ ദുഷിച്ച ഉദ്ദേശങ്ങളുളള പുരുഷന്മാരിൽ നിന്നും സ്ത്രീകൾക്ക് രക്ഷപ്പെടുവാൻ സാധിക്കുന്നതാണ്. ഹൃദയ രോഗമുളളവരിൽ നിന്നും, തങ്ങളുടെ ദേഹേച്ഛകൾക്കടിമയിൽപ്പെട്ടവരിൽ നിന്നും സ്ത്രീകളുടെ ഈ കർക്കശനിലപാട് മൂലം തങ്ങളെ വഴി തെറ്റിക്കുവാൻ സാധിക്കുകയില്ലായെന്നതാണ് ഇതിന്റെ നേട്ടം.

**"പ്രവാചക പത്നിമാരെ, നിങ്ങൾ സൂക്ഷ്മത കൈക്കൊളളുന്നതായാൽ, നിങ്ങൾ അന്യ സ്ത്രീകളിൽ ആരെയും പോലെയല്ല. അതിനാൽ, നിങ്ങൾ സംസാരത്തിൽ മസൃണമാകരുത്. അങ്ങനെ സംസാരിക്കുന്നപക്ഷം ഹൃദയത്തിൽ രോഗമുളളവൻ മോഹിച്ചേക്കാം. നിങ്ങൾ മാന്യമായ വാക്ക് പറയുക."** (33:33)

ഞാൻ കഴിഞ്ഞ വെളളിയാഴ്ച ഖുത്തുബയിൽ പറഞ്ഞപോലെ, അതായത് അന്യപുരുഷന്മാരുമായി അടിയന്തിരമായും സ്വതന്ത്രമായും ഇടപഴകേണ്ടിവരുന്ന സ്ത്രീകൾ, പലപരിപാടികളിലും, ജോലി സ്ഥലങ്ങളിലും, കടകളിലും, പഠന കേന്ദ്രങ്ങളിലും മൃദുലമായും മധുരമായും സംസാരിക്കേണ്ടി വരുന്ന സ്ത്രീകൾ അല്ലാഹുവിനെ ഭയപ്പെടുക. മരണാനന്തരം തങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അല്ലാഹു (ത) യുടെ മുമ്പാകെ കണക്ക് ബോധിപ്പിക്കേണ്ടി വരുന്നതാണ്. സഹോദരന്മാർ, പിതാക്കന്മാർ, ഭർത്താക്കന്മാർ, പുത്രന്മാർ അവർ യഥാർത്ഥ വിശ്വാസികളാണെങ്കിൽ അല്ലാഹുവിന്റെ ഈ വിധി വിലക്കുകളെ സൂക്ഷിക്കേണ്ടതാണ്. അറിയുക. അല്ലാഹു (ത) അങ്ങേയറ്റം ഒതുക്കമുളളവനാണ്. ; ആയതിനാൽ വിശ്വാസികളും തങ്ങളുടെ സ്വഭാവങ്ങളിൽ ഒതുക്കം കാണിക്കേണ്ടതാണ്.

ഇന്ന് ഞാൻ ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്. ഞാൻ എന്റെ റബ്ബിനോട്, എന്റെ അല്ലാഹു (ത) യോട് ഹൃദയ രോഗങ്ങൾക്കുളള ചികിത്സാ വിധികൾ വിവരിക്കുവാനുളള അറിവിനായി ഞാൻ പ്രാർത്ഥിക്കുന്നു. അടുത്ത വെളളിയാഴ്ച ഹൃദയ രോഗ ചികിത്സക്കുളള യഥാർത്ഥ വഴി വിശദീകരിക്കുവാൻ അല്ലാഹു (ത) എനിക്ക് വഴികാണിച്ചു തരട്ടേ ! ഇൻശാ അല്ലാഹ് !

**മുഹമ്മദ് സാബിർ സാഹിബിനും കുടുംബത്തിനും പ്രത്യേക പ്രാർത്ഥന**

എന്റെ പ്രഭാഷണം അവസാനിപ്പിക്കുന്നതിന് മുമ്പ്, കേരളത്തിലെ നമ്മുടെ ഒരു സഹോദരന്റെ അപകടത്തെക്കുറിച്ചുള്ള ഒരു ദുഃഖ വാർത്തകൂടി അറിയിക്കുകയാണ്. മുഹമ്മദ് സാബിർ സാഹിബിനാണ് ഇക്കഴിഞ്ഞ ബുധനാഴ്ച ഈ അപകടം പിണഞ്ഞത്. ഒരു വലിയ ഓപ്പറേഷൻ വേണ്ടി വന്നിരിക്കുകയാണ്. നിർണ്ണായകാവസ്ഥയിലാണ്. ലോകമെമ്പാടുമുള്ള ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാം അംഗങ്ങളോട് അതീവ പരീക്ഷണത്തിലേർപ്പെട്ടിരിക്കുന്ന അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബത്തിനും വേണ്ടി പ്രത്യേകം ദു ആ ചെയ്യുവാൻ അഭ്യർത്ഥിക്കുകയാണ്.

അൽഹംദുലില്ലാഹ് ! സാഹചര്യം കഠിനതരമാണെങ്കിലും, പ്രാർത്ഥനയിലൂടെയും സദഖയിലൂടെയും, ഈ സാഹചര്യത്തെ മറികടക്കുവാൻ നമുക്ക് കഴിയുന്നതാണ്. ഇൻശാ അല്ലാഹ് ! അല്ലാഹു (ത) അദ്ദേഹത്തിന് ഒരു വാടക ജീവിതം പ്രദാനം ചെയ്യട്ടെ ! അതിലൂടെ അദ്ദേഹത്തിന് ധൈര്യത്തോടെയും, പ്രതീക്ഷയോടെയും അല്ലാഹുവിലുള്ള വിശ്വാസത്തിലൂടെയും ജീവിക്കുവാൻ സാധിക്കുമാറാകട്ടെ ! ഇൻശാ അല്ലാഹ് ! അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ഭാര്യയ്ക്കും കുടുംബാംഗങ്ങൾക്കും, ജമാ അത്തിലെ എല്ലാ അംഗങ്ങൾക്കും ഇത്തരം സാഹചര്യങ്ങളിൽ ഉറച്ചു നിൽക്കുവാനും, ഈ പ്രയാസ സന്ദർഭങ്ങളിൽ അദ്ദേഹത്തിന് ആശ്വാസമേകുവാനും, ക്ഷമയോടെയും അല്ലാഹുവിലുള്ള ഉറച്ച വിശ്വാസത്തോടെയും നിലനിൽക്കുവാനും കഴിയട്ടെ ! അവരുടെ പാതയിലെ എല്ലാ പ്രയാസങ്ങളെയും അല്ലാഹു (ത) നീക്കട്ടെ ! പ്രതിഫലദിനത്തിൽ ഏറ്റവും നല്ല പ്രതിഫലം, അനന്തമായ സ്വർഗ്ഗീയ നന്മ പ്രദാനം ചെയ്യട്ടെ ! ഈ ലോകത്തിലും അല്ലാഹു (ത) അവരുടെ വഴികൾ തുറക്കട്ടെ ! അപ്പോൾ അവർക്ക് യഥാർത്ഥ മുസ്‌ലിംകളായി ജീവിക്കുവാൻ സാധിക്കുന്നതാണ്. പ്രവാചക പ്രഭു മുഹമ്മദ് (സ) യുടെ കാലത്തിലെ യഥാർത്ഥ ഇസ്‌ലാമിൽ ജീവിക്കുവാൻ കഴിയട്ടെ ! ദൈവീക കല്പനകൾ അനുസരിച്ച് അവരുടെ ജീവിതത്തിൽ എന്ത് തന്നെ സംഭവിച്ചാലും, അല്ലാഹുവിന്റെ ഇച്ഛയ്ക്കു മുമ്പിൽ കീഴടങ്ങിക്കൊടുക്കുവാനുള്ള കഴിവും പ്രദാനം ചെയ്യട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ. ജമാഅത്തുസ്സഹീഹിൽ ഇസ്‌ലാമിനെ അല്ലാഹു അനുഗ്രഹപ്രദമാക്കട്ടെ ! ആമീൻ, സുമ്മ ആമീൻ, യാറബ്ബൽ ആലമീൻ.


**Translated & Issued By**

**R. Jamaludin Raother**

**Amir**

Jamaat-Ul-Sahih-Al-Islam, Kerala South zone

*Ph: 9447001832 / 0475 2220223*

*email : jamal.raother@gmail.com*

*www.jamaat-Ul-Sahih-Al-Islam.com*


*******